**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീമതി. പ്രീയ.ആർ -ന്റെ സീനിയോരിറ്റി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ LSGD/PD/17159/2024-GEA3 തീയതി:23-04-2025**

പരാമർശം:

1) പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ 03.01.2024 - തീയതിയിലെ LSGD/JD/PTA/711/2023-B3 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 27.05.2022 തീയതിയിലെ PAN/1805/2022-E6(DP) ഉത്തരവ്.
3) പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ 08.10.2024 -ലെ LSGD/JD/PTA/711/2023-B3 നമ്പർ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 27.04.2009 തീയതിയിലെ എസ്1-15571/07 സീനിയോരിറ്റി പട്ടിക.
5) ഈ ഓഫീസിലെ 14.02.2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ 28.03.2008 -ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. പ്രീയ.ആർ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് KSR ഭാഗം I അനുബന്ധം XII A പ്രകാരം 29.03.2009 മുതൽ 27.04.2021 വരെ ശൂന്യവേതനാവധിയിലായിരുന്നു. KS &SSR ഭാഗം II, റൂൾ 27(c) -യിലെ പ്രോവിസോ 7 -ലെ നിബന്ധന പ്രകാരം, അവധിയ്ക്കു ശേഷം തിരികെ സേവനത്തിൽ പ്രവേശിച്ച 28.04.2021 തീയതി അടിസ്ഥാനമാക്കി ശ്രീമതി.പ്രീയ.ആർ -നെ ക്ലർക്കുമാരുടെ ജില്ലാ തല സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിൻറെ അടിസ്ഥാനത്തിൽ ശ്രീമതി. പ്രീയ.ആർ -നെ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ പരാമർശം (2) പ്രകാരമുള്ള സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 182 ശ്രീ. സുനിൽ .കെ ബാബുവിനും ക്രമ നം. 183 അഭിലാഷ്.റ്റിയ്ക്കും ഇടയിലായി ക്രമ നം. 182 A ആയി ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല. ആയതിനാൽ ശ്രീമതി.പ്രീയ.ആർ-നെ പരാമർശം (2) പ്രകാരമുള്ള സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 182 ശ്രീ.സുനിൽ .കെ ബാബുവിനും ക്രമ നം. 183 അഭിലാഷ്.റ്റിയ്ക്കും ഇടയിൽ ക്രമ നം. 182 A ആയി ഉൾപ്പെടുത്തിയും പരാമർശം (4) പ്രകാരമുള്ള 01.01.2003 മുതൽ 30.06.2008 വരെ കാലയളവിലെ ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ശ്രീമതി.പ്രിയ.ആർ ഉൾപ്പെട്ടിരുന്ന ക്രമ നം.3595 Deleted എന്ന് രേഖപ്പെടുത്തിയും പരാമർശം (2), (4) സീനിയോരിറ്റി പട്ടികകൾ പുന:

ക്രമീകരിച്ചും ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി. പ്രീയ.ആർ (ജില്ലാ ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട മുഖേന)
3. IE സെക്ഷൻ/DEC-സെക്ഷൻ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ /അധികം.

Signed by
Ajith Kumar M P
Date: 24-04-2025 10:55:16